# മനസ്സാക്ഷി

*കെ.ഉമർ മൗലവി*

ദൃക്സാക്ഷി എന്നു വെച്ചാൽ കണ്ണിൽ കണ്ട് ബോധ്യപ്പെട്ട വിഷയം. അതുപോലെ മനസ്സ് സാക്ഷ്യം വഹിച്ച വിഷയമാണ് മനസ്സാക്ഷി. മനസ്സാക്ഷിയെ മാനിക്കുക എന്നത് ഏറ്റവും ഉയർന്ന ഒരു വ്യക്തിമാഹാത്മ്യമാണ്. മനുഷ്യൻ അങ്ങനെയാവണം. അങ്ങനെയുള്ളവനാണ് ഹനീഫ്. ഇബ്രാഹിം നബി സ്വന്തത്തെപ്പറ്റി അങ്ങനെ പറഞ്ഞു. ഇബ്രാഹിം നബിയുടെ പിന്തുടർച്ചക്കാരായ മുഹമ്മദ് നബിയും അനുയായികളും അങ്ങനെ പറഞ്ഞു. അങ്ങനെ പറയുവാൻ അല്ലാഹു കൽപിക്കുകയും ആ നിലപാടിൽ ഉറച്ച് നിൽക്കാൻ ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്, ഏറ്റവും ശ്രേഷ്ഠമായ നിലപാടാണ് മനസ്സാക്ഷിയെ മാനിക്കൽ.

പ്രബോധന വിജയത്തിന് പൊതുതാൽപര്യ മേഖല കണ്ടെത്തണമെന്ന് പറയുന്നവർ മനസ്സാക്ഷിയില്ലാത്തവരാണ്. അവർക്ക് ബോധ്യപ്പെട്ട പരമാർത്ഥം മറച്ച് പിടിച്ചിട്ട് ചുറ്റുഭാഗവും നോക്കി അതിനൊപ്പിച്ച് മാറ്റിപ്പറയണമെന്നാണ് ഇവർ പറയുന്നത്, അത് മനസ്സാക്ഷിക്ക് യോജിക്കാത്ത കാര്യമാണ്. സത്യ വിശ്വാസി സത്യം തെളിയിക്കാൻ വേണ്ടി ത്യാഗം ചെയ്യുന്നവനായിരിക്കണം. തൽക്കാലം അത് നിൽക്കട്ടെ, സാവകാശം മതി, ഇപ്പോൾ ആളുകളെ തൃപ്തിപ്പെടുത്തുകയും അടുപ്പിക്കുകയും ചെയ്യുന്ന മേഖലയിൽ കുറച്ച് കാലം പ്രവർത്തിക്കാം എന്ന ചിന്താഗതി സർവ്വ നന്മയും നിർവീര്യമാക്കുന്ന പോക്കാണ്. പൊതു താൽപര്യ മേഖലയിൽ പ്രവർത്തിച്ചാൽ പ്രബോധനം എങ്ങനെ വിജയിക്കുമെന്ന് മനസ്സിലാകുന്നില്ല. മനുഷ്യൻ പരലോകത്ത് ശാശ്വത നരകത്തിൽ നിന്ന് രക്ഷപ്പെടണമെന്നതാണ് മുഖ്യമായ പ്രബോധനം. അതോടുകൂടി അത് വളരെ പ്രധാനപ്പെട്ട പൊതുതാൽപര്യവുമാണ്. അല്ലാഹു നിശ്ചയിച്ച പൊതു താൽപര്യം. അതിനെ അവഗണിച്ചുകൊണ്ട് മനുഷ്യൻ പുതിയ പരിപാടി കണ്ടുപിടിക്കണമെന്ന് പറയുന്നത് ക്രമേണ എല്ലാം കളഞ്ഞ് കുളിച്ച് കൈമലർത്തുന്ന അവസ്ഥയിൽ എത്തിക്കും.

ജമാഅത്തെ ഇസ്ലാമിയും ഞാനും തമ്മിലുള്ള അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസം വിശദീകരിച്ചുകൊണ്ട്, ഒരു ലഘുലേഖ തയ്യാറാക്കി അച്ചടിപ്പിച്ച് ശൈഖ് ഇബ്നുബാസ് (റ) അവർകൾക്ക് അയച്ചുകൊടുത്തു. ശൈഖ് ഇബ്നുബാസ് അവിടുത്തെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മജ്മൂ അഫതാവ്' 2 ാം വാല്യം ഒന്നാം പേജിൽ, ഈ ലഘുലേഖയിലെ എന്റെ വാദം ശരിവെച്ചുകൊണ്ട് ഫത്‌വ ഇറക്കി. അത് ഞാൻ ആവശ്യപ്പെട്ടതല്ല. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അദ്ദേഹം സ്വമനസ്സാലെ ചെയ്തതാണ്. അദ്ദേഹത്തോടൊപ്പം അവിടത്തെ ഫത്‌വ കമ്മിറ്റിയും ഉണ്ട്.

അന്ന് ഉമ്മുൽഖുറാ യൂനിവേർസിറ്റിയിൽ പഠിക്കുകയായിരുന്ന നമ്മുടെ ഒരു സ്നേഹിതനും ഞാനതിന്റെ കോപ്പി അയച്ചുകൊടുത്തിരുന്നു. അദ്ദേഹമാകട്ടെ എനിക്ക് വളരെ അസഹ്യമായ നിലയിൽ എന്നെ അധിക്ഷേപിച്ചുകൊണ്ടും സമുദായത്തെ ഭിന്നിപ്പിക്കുന്ന ഇത്തരം പ്രവർത്തികളിൽ നിന്ന് നിങ്ങൾ പിൻവാങ്ങണമെന്ന് ഒരു നേതൃപ്രാഭവത്തിൽ ശാസിച്ചുകൊണ്ടും എനിക്ക് കത്തയക്കുകയാണുണ്ടായത്. കത്തുവായിച്ച് അദ്ദേഹത്തെപ്പറ്റിയുള്ള എന്റെ എല്ലാ പ്രതീക്ഷകളും നശിച്ചു. " നിങ്ങളെ ഇപ്പോൾ എനിക്ക് മനസ്സിലായി" എന്ന് പ്രസ്തുത കത്തിനടിയിൽ എഴുതി ഞാൻ അങ്ങോട്ടുതന്നെ അയച്ചുകൊടുത്തു. അദ്ദേഹം ഇഖ്‌വാനികളുടെ മാർഗ്ഗത്തിലാണെന്ന് എനിക്ക് ബോധ്യമായി.

ഇദ്ദേഹത്തിന്റെ സ്വാധീനതക്ക് വഴങ്ങിട്ടെന്നവണ്ണം ആദ്യം ഞാൻ സംശയിക്കുകയും പിന്നീട് ഭയപ്പെടുകയും ചെയ്ത അവസ്ഥയിലേക്ക് ഐ.എസ്.എം. നടത്തുന്ന ശബാബ് പത്രവും നീങ്ങിക്കൊണ്ടിരിക്കുന്നത് ഇപ്പോൾ കണ്ടുതുടങ്ങിയിരിക്കുന്നു, തന്നെയുമല്ല ഈ കാഴ്ചപ്പാടിനെ ചോദ്യം ചെയ്തുകൊണ്ട് എഴുതി അയച്ചാൽ പ്രസിദ്ധീകരിക്കുകയില്ല. ഞാനൊരു ചെറിയ ലേഖനമയച്ചു. ' ഏറ്റവും പ്രധാനം' എന്നാണ് ഹെഡിംഗ്. പ്രവാചകന്മാർ വന്നിട്ട് ജനങ്ങൾക്ക് ഏറ്റവുമധികം വിരോധവും വെറുപ്പുമുള്ള വിഷയമാണ് ആദ്യം പറഞ്ഞത് എന്നതാണ് ലേഖനത്തിന്റെ ഉള്ളടക്കം. അത് അവർ പ്രസിദ്ധീകരിക്കാതെ വെച്ചുകൊണ്ടിരുന്നു. പലേനിലയിലും ഞാൻ മടക്കി ചോദിച്ചു. അത് അവിടെ കൊണ്ടുപോയി കൊടുത്ത ആളെ അയച്ചു.. വേറെ പലരേയും ഏൽപ്പിച്ചയച്ചു. എന്നിട്ടൊന്നും തരാതെ വന്നപ്പോൾ അവസാനം ഞാൻ മൂന്ന് രൂപാ സ്റ്റാമ്പ് അയച്ചുകൊടുത്തു. അപ്പോൾ ചവറ്റുകൊട്ടയിലേക്ക് എറിയുന്ന സ്വഭാവത്തിൽ മടക്കി അയച്ചു. അപ്പോൾ കെ.എൻ.എമ്മിന്റെ മാർഗ്ഗം മാറാൻ ശ്രമിക്കുകയും അത് ക്രമേണ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഞാൻ കണ്ടത്. കെ.എൻ.എം അറിയാതെ അതിന്റെ അടിസ്ഥാനം മാറ്റിയിട്ട് അതിന്റെ അധികാരം പിടിച്ചു പറ്റാനാണ് ഇപ്പോൾ ഒരുങ്ങുന്നത്. ഇതാണ് ഞാൻ പറയാൻ കാരണം; കെ.എൻ.എം പിരിച്ച് വിടേണ്ടിവരികയില്ല. അതു സമൂഹത്തിതൽ ലയിച്ചു പോകണം എന്ന്. ഇത് ഒരിക്കലും ശരിയല്ല. കെ.എൻ.എമ്മിന്റെ ആദർശത്തിലും പരിപാടിയിലും യോജിക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവർ കാര്യം തുറന്ന് പറഞ്ഞ് വേറിട്ട് പോയി സംഘടന വേറെ ഉണ്ടാക്കുകയാണ് വേണ്ടത്.

ഞാൻ ഇപ്പോൾ ഒന്നിലും മെമ്പറല്ല. എങ്കിലും കണ്ടതു ഞാൻ പറയും. ചിലർക്ക് അതിൽ വെറുപ്പ് ഉണ്ടെന്ന് സൽസബീൽ കണ്ടുകെട്ടണമെന്ന് പറഞ്ഞെന്നും കേട്ടു. ആ പറഞ്ഞ മാന്യൻ ജനിക്കുന്നതിന് മുമ്പ് ഞാൻ ഈ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നു. അദ്ദേഹത്തിന് ചെയ്യാൻ കഴിയാത്ത കാര്യമാണ് പറഞ്ഞത്. വല്ല കഴിവും ലഭിച്ചിരുന്നെങ്കിൽ സൽസബീൽ മാത്രമല്ല എന്നെയും കണ്ടുകെട്ടും, എന്താണിങ്ങനെ പറയാൻ കാരണമെന്ന് ഞാൻ അദ്ദേഹത്തിന് എഴുതി ചോദിച്ചിട്ടുണ്ട്. അദ്ദേഹം ഞാനങ്ങനെ പറഞ്ഞിട്ടില്ലെന്ന് മറുപടി അയച്ചു.

*സൽസബീൽ* *'൯൮ ഡിസംബർ*